## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 4765 — 26/06/2019-ൽ മറുപടിയ്ക്ക്

# ലൈഫ് പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച വീടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | ലൈഫ് പദ്ധതിയുടെ ഭാഗമായി 2019 മാർച്ച് 31 വരെ എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ; | എ) | ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ നാളിതുവരെ കണ്ടെത്തിയ 54,469 വീടുകളിൽ 50,806 വീടുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ള 3663 വീടുകളുടെ പണി ധ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ലൈഫ് മിഷന്റെ രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവന രഹിതരായി കണ്ടെത്തിയ 1,84,255 ഗുണഭോക്താക്കളിൽ അർഹരായ 86,192 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 19,126 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| ബി) | കോങ്ങാട് മണ്ഡലത്തിൽ ആകെ എത്രവീടുകൾ പ്രസ്തുത സ്കീമിൽ പൂർത്തീകരിച്ചിട്ടുണ്ട്; പ്രസ്തുത മണ്ഡലത്തിലെ പഞ്ചായത്തുകൾ തിരിച്ചുള്ള വിവരങ്ങൾ നൽകുമോ; | ബി) | കോങ്ങാട് മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 467 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച വീടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. |

| തദ്ദേശ സ്വയംഭരണ സ്ഥാപനം | ഒന്നാം ഘട്ടം | രണ്ടാംഘട്ടം |
|---|---|---|
| കാഞ്ഞിരപ്പുഴ | 78 | 4 |
| കാരാക്കുറിശ്ശി | 18 | 33 |
| തച്ചമ്പാറ | 53 | 03 |
| കരിമ്പ | 20 | 08 |
| കേരളശ്ശേരി | 44 | 03 |
| കോങ്ങാട് | 52 | 0 |
| മങ്കര | 40 | 09 |
| മണ്ണൂർ | 30 | 08 |
| പറളി | 53 | 11 |
| ആകെ | 388 | 79 |

| | | | |
|---|---|---|---|
| സി) | സ്വന്തമായി ഭൂമിയില്ലാത്തവർക്കുള്ള വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ? | സി) | ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ, ഭൂരഹിത ഭവന രഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. 3,37,416 ഗുണഭോക്താക്കളെയാണ് ഭൂരഹിത ഭവന രഹിതരായി സർവ്വേയിലൂടെ കണ്ടെത്തിയിട്ടുള്ളത്. ഇടുക്കി ജില്ലയിലെ അടിമാലി പഞ്ചായത്തിൽ ഭവന സമുച്ചയം വഴി 174 ഭവനങ്ങൾ നൽകി. 14 ജില്ലകളിലും ഓരോ പൈലറ്റ് ഭവന സമുച്ചയം നിർമ്മിക്കുന്നതിന് പ്രോജക്റ്റ് കൺസൾട്ടൻസികളായി ഹാബിറ്റാറ്റിനേയും തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്റ്റ് കോർപ്പറേറ്റ് സൊസൈറ്റിയേയും (റ്റി.ഡി.എൽ.സി.സി.എസ്) തെരഞ്ഞെടുത്തിട്ടുണ്ട്. പൈലറ്റ് ഭവന സമുച്ചയങ്ങൾക്ക് പുറമേ 14 ജില്ലകളിലും 56 സ്ഥലങ്ങൾ കണ്ടെത്തി അവിടെയും ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസികളെ ടെണ്ടർ മുഖേന തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

Ponnamma
1 X

| Progress Report – Phase I | | | |
|---|---|---|---|
| SL No | District Name | Identified | Completed |
| 1 | THIRUVANATHAPURAM | 6117 | 6013 |
| 2 | KOLLAM | 3690 | 3602 |
| 3 | PATHANAMTHITTA | 1198 | 1169 |
| 4 | ALAPUZHA | 2837 | 2672 |
| 5 | KOTTAYAM | 1136 | 1079 |
| 6 | IDUKKI | 3194 | 2937 |
| 7 | ERNAKULAM | 1066 | 1057 |
| 8 | THRISSUR | 3118 | 2971 |
| 9 | PALAKKAD | 8163 | 7024 |
| 10 | MALAPPURAM | 2810 | 2676 |
| 11 | KOZHIKODU | 6667 | 6317 |
| 12 | WAYANAD | 8860 | 7991 |
| 13 | KANNUR | 2690 | 2584 |
| 14 | KASARKODU | 2923 | 2714 |
| | **TOTAL** | **54469** | **50806** |

19

# Annexure - 1

LIFE Mission - Progress Report of Phase-2

| Sl No | DISTRICT | Approved Beneficiaries | Completed |
|---|---|---|---|
| 1 | THIRUVANATHAPURAM | 29634 | 2271 |
| 2 | KOLLAM | 16283 | 1941 |
| 3 | PATHANAMTHITTA | 4386 | 1000 |
| 4 | ALAPUZHA | 14929 | 1841 |
| 5 | KOTTAYAM | 7766 | 1316 |
| 6 | IDUKKI | 18831 | 880 |
| 7 | ERNAKULAM | 10822 | 2086 |
| 8 | THRISSUR | 11718 | 1648 |
| 9 | PALAKKAD | 22808 | 735 |
| 10 | MALAPPURAM | 15390 | 1764 |
| 11 | KOZHIKODU | 10393 | 1154 |
| 12 | WAYANAD | 7756 | 583 |
| 13 | KANNUR | 4879 | 1180 |
| 14 | KASARKODU | 8660 | 727 |
| TOTAL | | 184255 | 19126 |

ഡെപ്യൂട്ടി സെക്രട്ടറി.